# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 7993

16.07.2014-ൽ മറുപടിക്ക്

## മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച വീട്ടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ്: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭവന നിർമ്മാണ വകുപ്പിൽ നിന്നും മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച വീട്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡിൽ നിന്നും വീടുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല. |
| (ബി) ലഭിച്ച അപേക്ഷകൾ എത്രയെന്ന വ്യക്തമാക്കുമോ; | (ബി) അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. |
| (സി) ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കിയ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നിലവിലുണ്ടോയെന്ന വ്യക്തമാക്കുമോ; | (സി) ഇപ്പോൾ നിലവിലില്ല. നിലവിലുണ്ടായിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 30/06/2014-ൽ അവ സാനിച്ചു. |
| (ഡി) 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ നിബന്ധനകൾ വിശദമാക്കുമോ; | (ഡി) 07/02/2004 മുതൽ ബോർഡിൽ നടപ്പിലാക്കി വരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിവിധ ഉത്തരവുകളിലായി ദീർഘിപ്പിച്ച് അവ സാനമായി 01/03/2014-ലെ സ.ഉ.(എം.എസ്) 04/2014/ ഭവനം പ്രകാരം 01/01/2014 മുതൽ 30/06/2014 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചി ട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വായ്പാ/ഹയർ പർച്ചേയ്സ് ഗുണഭോക്താവിന് ഇനിപറയും പ്രകാരം ഇളവ് നൽകിയിരുന്നു. താഴ്ന്ന(LIG)/ ഇടത്തരം(MIG) വരുമാന വിഭാഗക്കാർക്ക് കുടിശ്ശിക തുകയ്ക്ക് ഈടാക്കി വരുന്ന പിഴപ്പലിശ പൂർണ്ണമായും, മുടക്കപ്പലിശയിൽ 70%വും ബാക്കി നിൽക്കുന്ന മുതലിന്റെ 5% ഇളവും ലഭിക്കുന്നതാണ്. HIG വിഭാഗത്തിന് മുടക്കപ്പലിശ 50%, പിഴപ്പലിശ 100% ബാക്കി നിൽപ്പുതുകയിൽ 5% ഇളവും |

ലഭിക്കുന്നതാണ്. റവന്യൂ റിക്കവറി നടപടി നേരിടുന്ന ഗുണഭോക്താക്കൾക്കും പ്രസ്തുത ഇളവ് കൂടാതെ കളക്ഷൻ ചാർജ്ജ് ഇനത്തിലും ഇളവുണ്ട്. പദ്ധതിയുടെ കാലാവധിക്കുള്ളിൽ തുക ഒന്നായോ, ഗഡുക്കളായോ അടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യുകയോ, കുടിശ്ശിക തീർക്കുകയോ, ചെയ്യാവുന്നതാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം റീഫണ്ട് അനുവദിക്കുന്നതല്ല. ബോർഡ് ജീവനക്കാർക്ക് ആനുകൂല്യങ്ങളോടുകൂടി അനുവദിച്ചിട്ടുള്ള അലോട്ടുമെന്റുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ബാധകമല്ല. വായ്പാ കുടിശ്ശിക സംബന്ധിച്ച് ബോർഡിനോ ഗവൺമെന്റിനോ എതിരായി കേസ് ഫയൽ ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ പ്രസ്തുത കേസിന്റെ വിധിയുടെ അടിസ്ഥാനത്തിലോ, അല്ലെങ്കിൽ കേസ് പിൻവലിച്ച ശേഷമോ തീരുമാനം എടുക്കുന്നതാണ്.

(ഇ) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഇ) 07/02/2004 മുതൽ 30/06/2014 വരെ സംസ്ഥാനത്ത് 69400 പേർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ